# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2351**

**12/02/2020 ലെ മറുപടിയ്ക്ക്**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. അനൂപ് ജേക്കബ് | ശ്രീ.തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബില്ലുകൾ**

| | |
|---|---|
| (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എത്ര ബില്ലുകൾ പണമില്ലാത്തതിനാൽ പാസ്സാക്കാൻ കഴിയാതെ ട്രഷറികളിലുണ്ട് എന്നറിയിക്കുമോ; | 07/02/2020 വരെ ട്രഷറിയിൽ സമർപ്പിച്ചിരുന്നതിൽ 4100 ബില്ലുകൾ ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനത്തിലേക്ക് മാറ്റുന്നതിനായി നടപടികൾ സ്വീകരിക്കുകയാണ്. പ്രാദേശിക സർക്കാരുകളുടെ 07/02/2020 വരെ ശേഷിക്കുന്ന 21160 ബില്ലുകൾ പാസ്സാക്കാനുണ്ട്. വേയ്സ് ആന്റ് മീൻസ് സ്ഥിതി പരിഗണിച്ച് അവ പാസാക്കി നൽകി വരുന്നുണ്ട്. |
| (ബി) ലൈഫ് മിഷൻ പദ്ധതിയിൻ കീഴിൽ സംസ്ഥാന സർക്കാർ വിഹിതമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടത് എത്ര രൂപയാണെന്നും ഇതിൽ എത്ര തുക നൽകിയെന്നും എത്ര തുക നൽകാൻ ബാക്കിയുണ്ടെന്നും വ്യക്തമാക്കുമോ? | ലൈഫ് പദ്ധതിയുടെ ഭാഗമായി ഉടമ്പടി പത്രം ഒപ്പ് വച്ച് നിർമ്മാണം ആരംഭിച്ച ഗ്രാമീണ മേഖലയിലെ 92213 ഗുണഭോക്താക്കൾക്ക് സംസ്ഥാന വിഹിതമായി ഒരു ലക്ഷം രൂപ വീതം നൽകാനുള്ള ആകെ തുകയായ 922.13 കോടി രൂപയിൽ 554 കോടി രൂപ ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. വീടുകളുടെ പണി അവസാന ഘട്ടത്തിലെത്തിയ എല്ലാ ഗുണഭോക്താക്കൾക്കും 2020 ഫെബ്രുവരി മാസം തന്നെ ബാക്കി സംസ്ഥാന വിഹിതമായ 368.13 കോടി രൂപ നല്കുവാനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**